പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 558 29.11.2018 ലെ മറുപടിക്ക്

## പഷണിത്തോടിന് സമീപത്തുള്ള കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള ഗോഡൗൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർഫെഡിന്റെ ഉടമസ്ഥതയിൽ പഷണിത്തോടിന് സമീപത്ത് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഗോഡൗൺ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ ഗോഡൗൺ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്തെന്ന് വിശദമാക്കാമോ? | എ) & ബി) ഉണ്ട്. ടി ഗോഡൗൺ നിൽക്കുന്ന സ്ഥലത്തേക്ക് വാഹനങ്ങൾ കയറുന്നതിന് ആവശ്യമായ വഴി ഇല്ലാത്തതിനാലാണ് ഗോഡൗൺ പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കാത്തത്. ആയതിന് സമീപമുള്ള പുറംപോക്കും പഞ്ചായത്ത് വഴിക്കുള്ള സാധ്യതയും കയർഫെഡ് ആരാഞ്ഞുവരികയാണ്.<br><br>ഏകദേശം കേരളത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രസ്തുത ഗോഡൗൺ സമുച്ചയം കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പ്രാദേശിക ചകിരി, ചകിരിച്ചോറ് ഉൽപ്പാദന-വപണന ശൃംഖലയുടെ ഒരു സിരാകേന്ദ്രമായി മാറ്റുന്നതിനാണ് കയർഫെഡ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ